എൻ2/13980/2019/ഡി.ജി.ഇ

പൊതുവിദ്യഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം. തീയതി, 22/07/2019
ഫോൺ : 0471 2328438, 8330818477
ഇ-മെയിൽ : dgescholarship@gmail.com

## സർക്കുലർ-1

വിഷയം :- പൊതുവിദ്യാഭ്യാസം -- ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് - സ്കൂളുകളുടെ രജിസ്ട്രേഷൻ - (2019-20) - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന :- കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കത്ത് നമ്പർ 8-4/2019-എസ്.എസ് തീയതി, 17/17/2019

കേന്ദ്രന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് (2019-20) അപേക്ഷ ക്ഷണിച്ചു കൊണ്ട് കേന്ദ്രസർക്കാർ സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി, സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂളുകളും **2019 ആഗസ്റ്റ് 20 ന് മുൻപ്** നിർബന്ധമായും നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (NSP 2.0) പുതിയതായി രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്കൂളുകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ചുവടെ നൽകുന്നു.

**National Scholarship Portal - ൽ രജിസ്റ്റർ ചെയ്തിരുന്ന മുഴുവൻ സ്കൂളുകളുടെയും പ്രാഥമിക വിവരങ്ങൾ പോർട്ടലിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതിനാലാണ് സ്കൂളുകൾ പുതിയതായി രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളത്**

1. Log-in ചെയ്യാൻ User ID / Password ആവശ്യമായി വരുന്ന പ്രഥമാധ്യാപകർ ജില്ലാ നോഡൽ ഓഫീസർ (DDE) അല്ലെങ്കിൽ സ്റ്റേറ്റ് നോഡൽ ഓഫീസറുടെ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.
2. U-Dise കോഡ് ലഭിച്ചിട്ടുള്ള സ്കൂളുകൾക്ക് മാത്രമേ (NSP 2.0) പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളൂ.
3. പ്രഥമാധ്യാപകനും സ്കൂൾ നോഡൽ ഓഫീസർക്കും പ്രത്യേകം പ്രത്യേകം മൊബൈൽ ഫോൺ ആവശ്യമാണ്.

(മറുപുറം)

4. പോർട്ടലിൽ സ്കൂൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.scholarships.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

5. പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സ്കൂളുകളിലെ കുട്ടികൾക്ക് ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നതല്ല.

6. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ സ്കൂളുകളിലും സ്കോളർഷിപ്പ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടോ മൂന്നോ വർഷത്തിൽ കൂടുതൽ സർവ്വീസ് ശേഷിക്കുന്ന ഏതെങ്കിലും അധ്യാപകനെ നോഡൽ ഓഫീസറായി നാമനിർദ്ദേശം ചെയ്യേണ്ടതും, ഈ അധ്യാപകന്റെ പേര് മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

7. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളെ/സ്ഥാപനത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും വ്യക്തവും കൃത്യതയുള്ളതും ആയിരിക്കണം.

8. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന പ്രഥമാധ്യാപകൻ/നോഡൽ ഓഫീസർ/സെക്ഷൻ ക്ലാർക്കിന്റെ മൊബൈൽ ഫോൺ നമ്പർ ഒരു കാരണവശാലും ഇടയ്ക്കു വച്ച് മാറ്റാൻ പാടുള്ളതല്ല.

9. പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി നൽകുന്ന വിവരങ്ങൾ "തെറ്റായി" നൽകിയാൽ പിന്നീട് എഡിറ്റ്/തിരുത്തൽ വരുത്താൻ സാധിക്കുന്നതല്ല.

10. പോർട്ടലിൽ പുതിയതായി രജിസ്റ്റർ (2019-20) ചെയ്യുന്ന സ്കൂളുകൾ ഒരു സാഹചര്യത്തിലും വീണ്ടും രജിസ്റ്റർ ചെയ്യാൻ പാടുള്ളതല്ല.

**എല്ലാ പൊതുവിദ്യാലയങ്ങളും (സർക്കാർ/എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂളുകളും) നിർബന്ധമായും പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.**

(മറുപുറം)

## രജിസ്ട്രേഷൻ നടപടി ക്രമങ്ങൾ

I. പോർട്ടലിൽ സ്കൂളിന്റെ പേര് രജിസ്റ്റർ ചെയ്യുന്നതിന് പ്രഥമാധ്യാപകന്റെ ഫോട്ടോ പതിപ്പിച്ച ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖ (ആധാർ, ഇലക്ഷൻ ഐ.ഡി, ഫോട്ടോ പതിച്ച ബാങ്ക് പാസ് ബുക്ക്, പാൻകാർഡ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ) കരുതേണ്ടതേണ്ടതാണ് (JPEG/PDF-200kh).

II. രജിസ്ട്രേഷൻ ഫോമിലെ സ്ഥാപനത്തെ സംബന്ധിക്കുന്ന 5 മുതൽ 14 വരെയുള്ള വിവരങ്ങൾ കൃത്യമാണെന്ന് ഉറപ്പു വരുത്തുക.

III. ഡിക്ലറേഷൻ ബട്ടൻ ക്ലിക് [√] ചെയ്ത ശേഷം സേവ് ബട്ടൺ ക്ലിക് ചെയ്യുക. അതിന് ശേഷം ഫൈനൽ സബ്മിറ്റ് ബട്ടൺ ക്ലിക് ചെയ്ത് പ്രിന്റ് (2 കോപ്പി) എടുക്കുക.

IV. സ്കൂളുകൾ പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ഫൈനൽ സബ്മിറ്റ് ചെയ്ത ശേഷം ലഭിക്കുന്ന പ്രിന്റ് ഫോട്ടോ പതിച്ച ശേഷം സ്വയം സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

V. ഡി.ഡി.ഇ യുടെ അപ്രൂവലിന് (അംഗീകരിക്കുക) ശേഷം ലഭിക്കുന്ന (2019-20) പുതിയ പാസ്‌വേഡ് ഉപയോഗിച്ച് എല്ലാ സ്കൂളുകളും/പ്രഥമാധ്യാപകരും/നോഡൽ ഓഫീസർമാരും ഇൻസ്റ്റിറ്റ്യൂട്ട് ലോഗിൻ വഴി പ്രൊഫൈൽ എഡിറ്റ് ചെയ്യേണ്ടതാണ്.

VI. പ്രഥമാദ്ധ്യാപകൻ/നോഡൽ ഓഫീസർക്ക് ലഭിക്കുന്ന ഐഡി ഉപയോഗിച്ച് തുടർ നടപടികൾ സ്വീകരിക്കുക.

VII. ആവശ്യമായ കോഴ്സ് ലെവൽ/ക്ലാസുകൾ സെലക്ട് ചെയ്ത് കൂട്ടിച്ചേർക്കൽ/കുറവ് വരുത്താവുന്നതാണ്.

(മറുപുറം)

VIII. മേൽപ്പറഞ്ഞ നടപടി ക്രമങ്ങളിലൂടെ സ്കൂൾ രജിസ്ട്രേഷൻ നടത്തിയ ശേഷം മാത്രം കുട്ടികൾക്ക് ഓൺലൈൻ അപേക്ഷ (ഫ്രഷ്/റിന്യൂവൽ) സമർപ്പിക്കാൻ സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും നിർദ്ദേശം നൽകേണ്ടതാണ്.

**<u>വിദ്യാഭ്യാസ ഉപഡയറക്ടറുടെ (നോഡൽ ഓഫീസർ) ശ്രദ്ധയ്ക്ക്</u>**

സ്കൂളിൽ നിന്നും ലഭിക്കുന്ന രജിസ്ട്രേഷൻ രേഖയുടെ പകർപ്പിലെ ഐ.ഡി നമ്പരും മറ്റു വിവരങ്ങളും പരിശോധിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർ കൺഫർമേഷൻ നൽകേണ്ടതാണ്. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന പൂരിപ്പിച്ച **National Scholarship Portal** രജിസ്ട്രേഷൻ ഫോം വാങ്ങി ഓഫീസിൽ സൂക്ഷിക്കുക.

സ്കൂളുകളുടെ ഓൺലൈൻ രജിസ്ട്രേഷൻ **2019 ഓഗസ്റ്റ് 20 നകം** പൂർത്തിയാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് - **4712580583, 2328438**
**9496304015, 8330818477**

**അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**(പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി)**

പകർപ്പ് :-
1. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE } പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകാരമുള്ള സ്കൂളുകളിലെയും പ്രഥമാധ്യാപകർക്കും